പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **5059**

04.07.2012 ൽ മറുപടിയ്ക്ക്

## സാമൂഹ്യവിരുദ്ധർ ശിലാഫലകങ്ങൾ തകർത്ത സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്, പുന്നപ്ര തെക്ക്, പുന്നപ്ര വടക്ക്, പുറക്കാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി അവിടെ സ്ഥാപിച്ചിരുന്ന ശിലാഫലകങ്ങൾ സാമൂഹ്യ വിരുദ്ധർ നശിപ്പിച്ചത് സംബന്ധിച്ച് സ്ഥലം എം.എൽ.എ. ആലപ്പുഴ ജില്ലാ പോലീസ് ചീഫിന് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ? | (ബി) | അമ്പലപ്പുഴ മണ്ഡലം എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പുന്നപ്ര സൗത്ത് പഞ്ചായത്തിലെ ഗവ:സി.വൈ.എം.എ. യു.പി. സ്കൂൾ തീരദേശ റോഡിലെ 'തെങ്ങാക്കാരൻ' ജംഗ്ഷനിലും, ആയുർവ്വേദ ആശുപത്രിയ്ക്കു വടക്കു വശമുള്ള 'വേലായുധൻ റോഡിലും', പുന്നപ്ര നോർത്ത് പഞ്ചായത്തിൽ പാണ്ടി അമ്മൻ മഠത്തിന് സമീപം സ്ഥാപിച്ചിരുന്ന ശിലാഫലകങ്ങളും തകർത്തതിനെ സംബന്ധിച്ച് പരാതി കിട്ടിയ സമയത്തു തന്നെ ത്വരിതഗതിയിലുള്ള |

അന്വേഷണം നടത്തിയിട്ടുള്ളതും, കുറ്റകൃത്യം നടത്തിയ സാമൂഹ്യവിരുദ്ധരെക്കുറിച്ച് നാളിതുവരെ യാതൊരുവിധ വിവരവും അന്വേഷണത്തിൽ ലഭിച്ചിട്ടില്ലാത്തതുമാണ്.

വണ്ടാനം മെഡിക്കൽ കോളേജിനു പടിഞ്ഞാറുവശം തീരദേശ റോഡ് നിർമ്മാണത്തോടനുബന്ധിച്ചും, വളഞ്ഞവഴി പടിഞ്ഞാറുവശം, പുറക്കാട് പഞ്ചായത്തിൽ പഴയങ്ങാടി ബീച്ച് റോഡ് നിർമ്മാണത്തോടനുബന്ധിച്ചും സ്ഥാപിച്ച ശിലാഫലകങ്ങൾ ഏതോ സാമൂഹ്യവിരുദ്ധർ നശിപ്പിച്ചതു സംബന്ധിച്ച പരാതികളിൽ അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 574/09, U/s 153, 427 IPC, ക്രൈം നമ്പർ 263/09, U/s 153, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിൽ യാതൊരുവിധ തെളിവും ലഭിക്കാത്തതിനാൽ രണ്ട് കേസുകളും UN റിപ്പോർട്ട് തയ്യാറാക്കി ബഹു. കോടതിയിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്.

ഇക്കാര്യത്തിൽ കൂടുതൽ ഊർജ്ജിതമായ അന്വേഷണം നടത്തി സാമൂഹ്യ വിരുദ്ധർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനു സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു.

സെക്ഷൻ ഓഫീസർ